**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഹിളാ കിസാൻ ശാക്തീകരണ പരിയോജന നിർവ്വഹണ ഏജൻസിയായ മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലാ പഞ്ചായത്തുകളുടെ കൺസോർഷ്യം (കോംപ്റ്റ്) വിപുലീകരിച്ച് കൺസോർഷ്യത്തിന്റെ അധികാരങ്ങളും ചീഫ് എക്സ്ക്യൂട്ടീവ് ഓഫീസ്റുടെ ചുമതലകളും നിർണ്ണയിച്ച് ഉത്തരവാകുന്നു.

=====================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).2812/13/തസ്വഭവ  തീയതി,തിരുവനന്തപുരം, 16.11.2013

=====================================================================

**പരാമർശം:**
1. 20.12.2012 ലെ സ.ഉ.(സാധാ)നം.3536/12/തസ്വഭവ നമ്പർ ഉത്തരവ്.
2. 04.02.2013 ലെ സ.ഉ.(സാധാ)നം.303/13/തസ്വഭവ നമ്പർ ഉത്തരവ്.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ ശാക്തീകരണ പരിയോജനയുടെ 31.12.2012 ലെ ബി.1840/എം.കെ.എസ്.പി./12 നമ്പർ കത്ത്.
4. ചീഫ് എക്സ്ക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ ശാക്തീകരണ പരിയോജനയുടെ 17.07.2013 ലെ 1804/കോംപ്റ്റ്/ എം.കെ.എസ്.പി./2013 നമ്പർ കത്ത്.
5. 17.10.2013 ലെ 3.11 നമ്പർ കോർഡിനേഷൻ കമ്മിറ്റി തീരുമാനം.

## ഉത്തരവ്

പരാമർശം (3) ലെ കത്ത് പ്രകാരം, മഹിളാ കിസാൻ ശാക്തീകരണ പരിയോജന വനിതാ ലേബർ ബാങ്ക് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കോംപ്റ്റ് വിപുലീകരിക്കുന്നത് സംബന്ധിച്ചും കൺസോർഷ്യത്തിന്റെ അധികാരങ്ങൾ നിർണ്ണയിക്കുന്നതു സംബന്ധിച്ചും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ(എം.കെ.എസ്.പി.) ചുമതലകൾ നിർണ്ണയിച്ചും അംഗീകാരം നൽകണമെന്ന് എം.കെ.എസ്.പി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു

പ്രസ്തുത വിഷയത്തിൽ സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എം.കെ.എസ്.പി. സൂചന(4) മുഖേന വിശദീകരണം സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത പ്രപ്പോസൽ പരാമർശം 5 ലെ കോർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്നു വെങ്കിലും ഭരണവകുപ്പുതല നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എം.കെ.എസ്.പി. സമർപ്പിച്ച വിശദീകരണം അംഗീകരിച്ചുകൊണ്ട് ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി മഹിളാ കിസാൻ ശാക്തീകരണ പരിയോജന വനിതാ ലേബർ ബാങ്ക് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കോംപ്റ്റ് വിപുലീകരിക്കുന്നതു സംബന്ധിച്ചും കോംപ്റ്റിന്റെ അധികാരങ്ങൾ നിർണ്ണയിക്കുന്നതും സംബന്ധിച്ചും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധിക ചുമതലകൾ അംഗീകരിച്ചു കൊണ്ടും ചുവടെ ചേർക്കുന്ന പ്രകാരം ഉത്തരവാകുന്നു.

1. പ്രസിഡണ്ട്, മലപ്പുറം ജില്ലാപഞ്ചായത്ത്
2. പ്രസിഡണ്ട്, പാലക്കാട് ജില്ലാപഞ്ചായത്ത്
3. പ്രസിഡണ്ട്, തൃശൂർ ജില്ലാപഞ്ചായത്ത്

} ഏത് ജില്ലയിൽ വെച്ചാണോ യോഗം നടക്കുന്നത് ആ ജില്ലയിലെ പ്രസിഡണ്ട് അദ്ധ്യക്ഷൻ/അദ്ധ്യക്ഷ ആയിരിക്കും

4. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കോംപ്റ്റ്, എം.കെ.എസ്.പി. - കൺവീനർ
5. മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർമാർ
6. മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ പി.എ.യു. പ്രോജക്ട് ഡയറക്ടർമാർ
7. മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ
8. മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ജില്ലാ പ്ലാനിംഗ് ഓഫീസർമാർ
9. മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ മേജർ/മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ

**<u>കൺസോർഷ്യത്തിന്റെ അധികാരങ്ങൾ</u>**

1. പദ്ധതിയുടെ വിശദമായ പദ്ധതി രേഖ അംഗീകരിക്കുക
2. പദ്ധതി നടത്തിപ്പിന്റെ മുൻഗണനാ ക്രമം നിശ്ചയിക്കുക.
3. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രോജക്ട് ലക്ഷ്യത്തിന് വിരുദ്ധമാകാത്ത രീതിയിൽ കൈകൊള്ളുക
4. പദ്ധതി നിർവ്വഹണത്തിന്റെ പരിശീലന കലണ്ടർ അംഗീകരിക്കുക

5. പദ്ധതി നടത്തിപ്പിനാവശ്യമായ യന്ത്രോപകരണങ്ങൾ നിയമാനുസൃതം വാങ്ങുന്നതിന് / പഞ്ചായത്തുകളിൽനിന്ന് ഏറ്റെടുക്കുന്നതിന് തീരുമാനം കൈക്കൊള്ളുക
6. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ അംഗീകരിക്കുക
7. പദ്ധതിയുടെ ഭരണച്ചെലവുകൾ അംഗീകരിക്കുക
8. ബ്ലോക്ക്തലത്തിൽ രൂപീകരിക്കപ്പെടുന്ന വനിതാ ലേബർ ബാങ്കിന്റെ പ്രവർത്തന മേൽനോട്ടം വഹിക്കുക.
9. പ്രസ്തുത ലേബർ ബാങ്കുകളുടെ വരവുചെലവ് കണക്കുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക
10. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ ജീവനക്കാരുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക

<u>ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതലകൾ</u>

1. പദ്ധതി നിർവ്വഹണത്തിന്റെ ദൈനംദിന മേൽനോട്ടം വഹിക്കുക
2. പരിശീലന പരിപാടിക്ക് നേതൃത്വം നൽകുക
3. ബ്ലോക്ക്തല ലേബർ ബാങ്ക് രൂപീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കുക
4. കൺസോർഷ്യത്തിന്റെ അംഗീകാരത്തിന് വിധേയമായി അംഗീകൃത പദ്ധതിയ്ക്ക് ഒരു സമയം 5 ലക്ഷം രൂപ വരെ ചെലവിടുന്നതിനുള്ള അധികാരം.
5. പദ്ധതി വിഹിതം നിക്ഷേപിക്കുന്നതിന് തൃശൂരിലെ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്നതിനുള്ള അധികാരം
6. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുക
7. കൺസോർഷ്യത്തിന്റെ അംഗീകാരത്തോടെ അംഗീകൃത പദ്ധതിയ്ക്ക് പരിധിയില്ലാതെ പണം ചെലവിടുന്നതിനുള്ള അധികാരം
8. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, കുടുംബശ്രീ മിഷൻ, ഗ്രാമ വികസന കമ്മീഷണർ എന്നിവർക്ക് യഥാസമയം റിപ്പോർട്ടുകൾ സമർപ്പിക്കുക
9. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾ, വിവിധ ഏജൻസികൾ എന്നിവയുമായി ഏകോപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

10. പദ്ധതി ചെലവുകൾ എല്ലാ വർഷവും ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ട് ഓഡിറ്റ് ചെയ്യിക്കുകയും റിപ്പോർട്ടും ഓഡിറ്റഡ് അക്കൗണ്ടും കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ഗ്രാമ വികസന കമ്മീഷണർ, കുടുംബശ്രീ മിഷൻ ഡയറക്ടർ എന്നിവർക്ക് സമർപ്പിക്കുകയും ചെയ്യുക.

11. കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്ന പദ്ധതി വിഹിതത്തിനും ത്രിതല പഞ്ചായത്തുകൾ, ഇതര ഏജൻസികൾ എന്നിവയിൽനിന്നും ലഭിക്കുന്ന വിഹിതത്തിനും യഥാസമയം വിനിയോഗ സർട്ടിഫിക്കറ്റ് നൽകുക.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
അനിത ദാമോദരൻ,
അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ ശാക്തീകരണ പരിയോജന നിർവ്വഹണ ഏജൻസി
4. ജില്ലാ പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, മലപ്പുറം, പാലക്കാട്, തൃശ്ശൂർ.
5. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ.
6. ഡയറക്ടർ, ഗ്രീൻ ആർമി ലേബർ ബാങ്ക്, അത്താണി, തൃശ്ശൂർ.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ